LIBRARY ARCHIVES Kerala Legislative Assembly

മോണോറെയിൽ പദ്ധതി

318 (1362) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ 28-8-2014-ലെ യോഗം തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വിശദീകരിക്കുമോ ;

(ബി) ഈ പദ്ധതിക്കായി ഖജനാവിൽ നിന്നും നാളിതുവരെ എന്ത് തുക ചെലവാക്കിയെന്ന് വ്യക്തമാക്കാമോ ; നാളിതുവരെയുള്ള മോണോറെയിൽ കോർപ്പറേഷന്റെ പ്രവർത്തനം വഴിയുണ്ടായ ഭൗതിക നേട്ടങ്ങൾ വിവരിക്കാമോ ;

(സി) മോണോറെയിൽ കോർപ്പറേഷന്റെ രൂപീകരണ സമയത്ത് മോണോറെയിൽ പദ്ധതിയുടെ സാദ്ധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ; ഈ പഠനത്തിനായി എത്ര രൂപ ചെലവഴിച്ചുവെന്നും പഠനം നടത്തിയ ഏജൻസി ആരാണെന്നും വെളിപ്പെടുത്താമോ ;

(ഡി) തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ പദ്ധതി മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതനുസരിച്ച് മോണോറെയിൽ എന്നുമുതൽ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മോണോറെയിൽ പദ്ധതികൾക്കു വേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ സർക്കാർ നിർദ്ദേശ പ്രകാരം പുനഃദർഘാസ് വിളിക്കുകയും ചെയ്തു. പുനഃദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ്, DMRC വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ച ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ തീരുമാനിക്കുകയും പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിക്കായുള്ള വിശദമായ രൂപരേഖ തയ്യാറാക്കാൻ DMRC-യെ ചുമതലപ്പെടുത്തുകയും ചെയ്തു.

993/18

(ബി) പദ്ധതികൾക്കായി ഇതുവരെ വിവിധ കൺസൾട്ടൻസി ഫീസ് ഇനത്തിൽ 11,33,13,396 രൂപയും, അഡ്മിനിസ്ട്രേറ്റീവ് ഇനത്തിൽ 1,11,32,284 രൂപയും ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ കോസ്റ്റ്ഹെൻസീവ് മൊബിലിറ്റി പ്ലാൻ തയ്യാറാക്കിവരുന്നു. 10 ഏക്കർ പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തിയിൽനിന്നും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പദ്ധതിയുടെ സാധ്യത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി റോഡ് വികസനം സംബന്ധിച്ച് പഠനം നടത്തിയിരുന്നു. ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ കടുത്ത പ്രായോഗിക ബുദ്ധിമുട്ട് ഉളവാക്കുന്നതിനാലും, വളവുകളും, തിരിവുകളും, കയറ്റവും, മെച്ചപ്പെട്ട രീതിയിൽ കൈകാര്യം ചെയ്യാനുള്ള സാധ്യത മോണോ റെയിലിനുള്ളതിനാലും ഈ നഗരങ്ങളിൽ മോണോ റെയിൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. തിരുവനന്തപുരം നഗരത്തിന്റെ സാധ്യതാ പഠനം നടത്തിയത് നാറ്റ്പാക്കാണ്. ഇതിനായി നാറ്റ്പാക്ക് 63,90,100 രൂപ ഫീസിനത്തിൽ ഈടാക്കി. കോഴിക്കോട് മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിൽബർ സ്മിത്ത് അസോസിയേറ്റ്സ് നടത്തിയ സാധ്യതാ പഠനത്തിന് 1,15,81,500 രൂപയാണ് ഫീസിനത്തിൽ ഈടാക്കിയിട്ടുള്ളത്.

(ഡി) മോണോ റെയിൽ പദ്ധതി, മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മോണോ റെയിൽ പദ്ധതി ഉപേക്ഷിച്ച് മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് പദ്ധതിയായ ലൈറ്റ് മെട്രോ പദ്ധതിക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എൽ.എ.സി. എ.ഡി.എസ്. വർക്കുകൾ

319 (1363) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ 2014-15 വർഷത്തിൽ പി.ഡബ്ല്യു.ഡി. മുഖേന നടപ്പിലാക്കുന്ന എൽ.എ.സി. എ.ഡി.എസ് വർക്കുകൾ ഓരോന്നിന്റെയും പ്രവർത്തി പുരോഗതി വിശദമാക്കാമോ ?

ഉത്തരം

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 2014-15 വർഷത്തിൽ പി.ഡബ്ല്യു.ഡി. മുഖേന നടപ്പിലാക്കുന്ന എൽ.എ.സി. എ.ഡി.എസ്. വർക്കുകൾ ഓരോന്നിന്റെയും പ്രവർത്തി പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly